**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1379** **10-10-2024 - ൽ മറുപടിയ്ക്ക്**

**ഉള്ളിയേരി ഗവ.എൽ.പി. സ്കൂളിന് സ്വന്തമായി ഭൂമി വാങ്ങുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. എം. സച്ചിൻദേവ് | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കോഴിക്കോട് ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി ഗവ.എൽ.പി. സ്കൂളിന് സ്വന്തമായി ഭൂമി വാങ്ങുന്നതിനായി സ്വീകരിച്ചുവരുന്ന നടപടി എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | കോഴിക്കോട് ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി ഗവ.എൽ.പി.സ്കൂൾ പ്രവർത്തിക്കുന്ന കൊയിലാണ്ടി താലൂക്കിലെ ഉള്ളിയേരി വില്ലേജിലെ റീസർവ്വെ 174/72, 174/73-ൽ പ്പെട്ട 18.62 ആർസ് ഭൂമി 1958 ലെ കേരള വിദ്യാഭ്യാസ ആക്ടിലെ വകുപ്പ് 14, 15 1959-ലെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XX – ചട്ടം 6, 7 എന്നിവ പ്രകാരം ഏറ്റെടുത്ത് ആയത് പഞ്ചായത്ത് നിയന്ത്രണത്തിലുള്ള പൊതുഭൂമിയാക്കി മാറ്റുന്നതിനുവേണ്ട അക്വിസിഷൻ നടപടികളെടുക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെട്ടു കൊണ്ട് ഉള്ളിയേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി പാസ്സാക്കിയ പ്രമേയവും ആയതിന് സർക്കാർ തലത്തിൽ തുടർ നടപടികളെടുക്കുന്നതിന് ബാലുശ്ശേരി നിയോജകമണ്ഡലം എം.എൽ.എ അഡ്വക്കേറ്റ് സച്ചിൻദേവ് സമർപ്പിച്ച നിവേദനവും നൽകിയതിനെ തുടർന്ന് ആയതിന്മേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി 08/10/2022-ലെ ബി2/346/2022-റവ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെടുകയും തുടർന്ന് കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊയിലാണ്ടി താലൂക്ക് തഹസിൽദാർ എന്നിവർ ലാന്റ് റവന്യൂ കമ്മീഷണർക്ക് ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം 100 വർഷത്തോളം പഴക്കമുള്ള വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നതെന്നും സ്കൂളിന്റെ അറ്റകുറ്റപണികൾ കെട്ടിട ഉടമ നിർവ്വഹിക്കുന്നില്ലെന്നും കെട്ടിടത്തിൽ ആധുനിക പഠന സൗകര്യങ്ങൾ പര്യാപ്തമല്ലെന്നും പ്രസ്തുത സാഹചര്യത്തിൽ സ്കൂളിന്റെ സമഗ്ര വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി ഉചിതമായ തീരുമാനം കൈക്കൊള്ളാമെന്ന് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറും ലാന്റ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. |

ഇതുമായി ബന്ധപ്പെട്ട് ബാലുശ്ശേരി എം.എൽ.എ യുടെ സാന്നിധ്യത്തിൽ 27/04/2023-ന് കോഴിക്കോട് കളക്ടറേറ്റിൽ വച്ച് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിട്ടുള്ളതും സ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുവാനും 2013-ലെ എൽ.എ നിയമപ്രകാരം ഭൂമി ഏറ്റെടുത്ത് നഷ്ടപരിഹാര തുക കോടതിയിൽ കെട്ടിവയ്ക്കുന്നതാണ് ഉചിതമെന്നും ആയതിന് മുമ്പായി കോഴിക്കോട് ജില്ലാ നിയമ ഓഫീസറിൽ നിന്നും മാർഗ്ഗനിർദ്ദേശം തേടാവുന്നതാ ണെന്നും തീരുമാനമായിട്ടുള്ളതാണ്. 1937, 38 കാലത്തെ മലബാർ ജില്ലയിലുള്ള എലിമെന്ററി സ്കൂളുകളുടെ ലിസ്റ്റ് പ്രകാരം ഉള്ളിയേരി സ്കൂൾ 01/05/1925-ൽ ഡിസ്ട്രിക്ട് എഡ്യൂക്കേഷണൽ കൗൺസിൽ അംഗീകരിച്ചിരുന്നതായും ഡിസ്ട്രിക്ട് ബോർഡിന് കീഴിൽ പ്രവർത്തിച്ചിരുന്നതായും കാണുന്നുവെന്നും ഡിസ്ട്രിക്ട് ബോർഡ് എന്നത് മദ്രാസ് ലോക്കൽ ബോർഡ്സ് ആക്ട് 1920 പ്രകാരം രൂപീകൃതമായതാണെന്നും പ്രസ്തുത നിയമത്തിലെ പ്രസക്തമായ ചില വ്യവസ്ഥകൾ പരിശോധിച്ചാൽ ഉള്ളിയേരി സ്കൂൾ തുടക്കം മുതലേ സർക്കാർ സ്കൂളായി പ്രവർത്തിച്ചുവരുന്നതാണെന്നതിന് വ്യക്തമായ തെളിവുണ്ടെന്നും കൂടാതെ 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് വകുപ്പ് 2(9) അനുസരിച്ച് സ്കൂളിനെ നിർവ്വചിച്ചിരിക്കുന്നത് പ്രകാരം സ്കൂളിന്റെ കെട്ടിടവും ഭൂമിയും വേർതിരിക്കാനാവാത്തതാണെന്നും കൂടാതെ കെട്ടിടത്തിന്റെ ഉടമാവകാശത്തിനായി പറയുന്ന വിൽപത്രം പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് വാടക നൽകുന്നത് യാതൊരു അടിത്തറയും കാണുന്നില്ലെന്നും കോഴിക്കോട് ജില്ലാ നിയമ ഓഫീസർ നിരീക്ഷിച്ചിട്ടുള്ളതാണ്. ഉള്ളിയേരി എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഗസറ്റ് വിജ്ഞാപനം നിസ്സംശയമായി ഉണ്ടാകുമെന്ന് ജില്ലാ നിയമ ഓഫീസറുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ/ സംസ്ഥാന ആർക്കൈവ്സുകളിൽ കണ്ടെത്തുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് പരിശോധിച്ചുവെങ്കിലും ആയത് കണ്ടെത്തിയിട്ടില്ലാത്തതുമാണ്. 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് 14, 15 , 1959-ലെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം xx – ചട്ടം 6, 7എന്നിവ മാനേജ്മെന്റ് /എയ്ഡഡ് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വകുപ്പുകളാണ്.

മേൽ വിവരങ്ങൾ പ്രകാരം പൊതുതാല്പര്യം മുൻനിറുത്തിയും, കുട്ടികളുടെ അവകാശ നിഷേധം

| | | | |
|---|---|---|---|
| | | | ഉണ്ടാവരുതെന്ന പൊതു ബോധ്യത്തിന്റെ അടിസ്ഥാനത്തിലും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചുകൊണ്ടും, ഉള്ളിയേരി ഗവൺമെന്റ് എൽപി.സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് ലാന്റ് റവന്യൂ കമ്മീഷണർ സർക്കാറിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് തുടർനടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരികയാണ്. |
| (ബി) | നിലവിൽ ഉള്ളിയേരി ഗവ.എൽ.പി.സ്കൂൾ പ്രവർത്തിക്കുന്ന ഭൂമി 1958 ലെ വിദ്യാഭ്യാസചട്ടം വകുപ്പ്-14, 15, 1959-ലെ കേരള വിദ്യാഭ്യസ ചട്ടം വകുപ്പ് XX- 6, 7 എന്നിവ പ്രകാരമുള്ള അക്വിസിഷൻ നടത്തുന്നതിനുള്ള നടപടി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ? | (ബി) | കോഴിക്കോട് ബാലുശ്ശേരി മണ്ഡലത്തിലെ ഉള്ളിയേരി ഗവ.എൽ.പി.സ്കൂൾ പ്രവർത്തിക്കുന്ന കൊയിലാണ്ടി താലൂക്കിലെ ഉള്ളിയേരി വില്ലേജിലെ റീസർവ്വെ 174/72, 174/73-ൽ പ്പെട്ട 18.62 ആർസ് ഭൂമി 1958 ലെ കേരള വിദ്യാഭ്യാസ ആക്ടിലെ വകുപ്പ് 14, 15 1959-ലെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം xx – ചട്ടം 6, 7 എന്നിവ പ്രകാരം ഏറ്റെടുത്ത് ആയത് പഞ്ചായത്ത് നിയന്ത്രണത്തിലുള്ള പൊതുഭൂമിയാക്കി മാറ്റുന്നതിനുവേണ്ട അക്വിസിഷൻ നടപടികളെടുക്കുന്നതിന് സർക്കാരിനോട് ആവശ്യപ്പെട്ടു കൊണ്ട് ഉള്ളിയേരി ഗ്രാമപഞ്ചായത്ത് ഭരണസമിതി പാസ്സാക്കിയ പ്രമേയവും ആയതിന് സർക്കാർ തലത്തിൽ തുടർ നടപടികളെടുക്കുന്നതിന് ബാലുശ്ശേരി നിയോജകമണ്ഡലം എം.എൽ.എ അഡ്വക്കേറ്റ് സച്ചിൻദേവ് സമർപ്പിച്ച നിവേദനവും നൽകിയതിനെ തുടർന്ന് ആയതിന്മേൽ റിപ്പോർട്ട് സമർപ്പിക്കുവാൻ റവന്യൂ വകുപ്പ് അഡീഷണൽ സെക്രട്ടറി 08/10/2022-ലെ ബി2/346/2022-റവ കത്ത് പ്രകാരം ലാന്റ് റവന്യൂ കമ്മീഷണറോട് ആവശ്യപ്പെടുകയും തുടർന്ന് കോഴിക്കോട് ജില്ലാ വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊയിലാണ്ടി താലൂക്ക് തഹസിൽദാർ എന്നിവർ ലാന്റ് റവന്യൂ കമ്മീഷണർക്ക് ഈ വിഷയം സംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ടി റിപ്പോർട്ട് പ്രകാരം 100 വർഷത്തോളം പഴക്കമുള്ള വാടക കെട്ടിടത്തിലാണ് സ്കൂൾ പ്രവർത്തിക്കുന്നതെന്നും സ്കൂളിന്റെ അറ്റകുറ്റപണികൾ കെട്ടിട ഉടമ നിർവ്വഹിക്കുന്നില്ലെന്നും കെട്ടിടത്തിൽ ആധുനിക പഠന സൗകര്യങ്ങൾ പര്യാപ്തമല്ലെന്നും പ്രസ്തുത സാഹചര്യത്തിൽ സ്കൂളിന്റെ സമഗ്ര വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്നതിനായി ഉചിതമായ തീരുമാനം കൈക്കൊള്ളാമെന്ന് ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടറും ലാന്റ് റവന്യൂ കമ്മീഷണർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട് ബാലുശ്ശേരി എം.എൽ.എ യുടെ സാന്നിധ്യത്തിൽ 27/04/2023-ന് കോഴിക്കോട് കളക്ടറേറ്റിൽ വച്ച് ബന്ധപ്പെട്ടവരുടെ യോഗം ചേർന്നിട്ടുള്ളതും സ്കൂൾ സ്ഥിതി ചെയ്യുന്ന ഭൂമി |

ഏറ്റെടുക്കുന്നതിന് സർക്കാരിലേക്ക് റിപ്പോർട്ട് സമർപ്പിക്കുവാനും 2013-ലെ എൽ.എ നിയമപ്രകാരം ഭൂമി ഏറ്റെടുത്ത് നഷ്ടപരിഹാര തുക കോടതിയിൽ കെട്ടിവയ്ക്കുന്നതാണ് ഉചിതമെന്നും ആയതിന് മുമ്പായി കോഴിക്കോട് ജില്ലാ നിയമ ഓഫീസറിൽ നിന്നും മാർഗ്ഗനിർദ്ദേശം തേടാവുന്നതാ ണെന്നും തീരുമാനമായിട്ടുള്ളതാണ്. 1937, 38 കാലത്തെ മലബാർ ജില്ലയിലുള്ള എലിമെന്ററി സ്കൂളുകളുടെ ലിസ്റ്റ് പ്രകാരം ഉള്ളിയേരി സ്കൂൾ 01/05/1925-ൽ ഡിസ്ട്രിക്റ്റ് എഡ്യൂക്കേഷണൽ കൗൺസിൽ അംഗീകരിച്ചിരുന്നതായും ഡിസ്ട്രിക്റ്റ് ബോർഡിന് കീഴിൽ പ്രവർത്തിച്ചിരുന്നതായും കാണുന്നുവെന്നും ഡിസ്ട്രിക്റ്റ് ബോർഡ് എന്നത് മദ്രാസ് ലോക്കൽ ബോർഡ്സ് ആക്ട് 1920 പ്രകാരം രൂപീകൃതമായതാണെന്നും പ്രസ്തുത നിയമത്തിലെ പ്രസക്തമായ ചില വ്യവസ്ഥകൾ പരിശോധിച്ചാൽ ഉള്ളിയേരി സ്കൂൾ തുടക്കം മുതലേ സർക്കാർ സ്കൂളായി പ്രവർത്തിച്ചുവരുന്നതാണെന്നതിന് വ്യക്തമായ തെളിവുണ്ടെന്നും കൂടാതെ 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് വകുപ്പ് 2(9) അനുസരിച്ച് സ്കൂളിനെ നിർവ്വചിച്ചിരിക്കുന്നത് പ്രകാരം സ്കൂളിന്റെ കെട്ടിടവും ഭൂമിയും വേർതിരിക്കാനാവാത്തതാണെന്നും കൂടാതെ കെട്ടിടത്തിന്റെ ഉടമാവകാശത്തിനായി പറയുന്ന വിൽപത്രം പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്ത് വാടക നൽകുന്നത് യാതൊരു അടിത്തറയും കാണുന്നില്ലെന്നും കോഴിക്കോട് ജില്ലാ നിയമ ഓഫീസർ നിരീക്ഷിച്ചിട്ടുള്ളതാണ്. ഉള്ളിയേരി എൽ.പി.സ്കൂൾ സർക്കാർ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഗസറ്റ് വിജ്ഞാപനം നിസ്സംശയമായി ഉണ്ടാകുമെന്ന് ജില്ലാ നിയമ ഓഫീസറുടെ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ/ സംസ്ഥാന ആർക്കൈവ്സുകളിൽ കണ്ടെത്തുന്നതിന് കോഴിക്കോട് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയതിനെ തുടർന്ന് പരിശോധിച്ചുവെങ്കിലും ആയത് കണ്ടെത്തിയിട്ടില്ലാത്തതുമാണ്. 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് 14, 15 , 1959-ലെ കേരള വിദ്യാഭ്യാസ ചട്ടം അദ്ധ്യായം XX – ചട്ടം 6, 7എന്നിവ മാനേജ്മെന്റ് /എയ്ഡഡ് സ്കൂളുകൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള വകുപ്പുകളാണ്.

മേൽ വിവരങ്ങൾ പ്രകാരം പൊതുതാല്പര്യം മുൻനിറുത്തിയും, കുട്ടികളുടെ അവകാശ നിഷേധം ഉണ്ടാവരുതെന്ന പൊതു ബോധ്യത്തിന്റെ അടിസ്ഥാനത്തിലും ലഭ്യമായ റിപ്പോർട്ടുകൾ പരിഗണിച്ചുകൊണ്ടും, ഉള്ളിയേരി ഗവൺമെന്റ് എൽപി.സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിനുള്ള തുടർ

| | | | |
|---|---|---|---|
| | | | നടപടികൾ സ്വീകരിക്കാവുന്നതാണ് എന്ന് ലാന്റ് റവന്യൂ കമ്മീഷണർ സർക്കാറിലേക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് സംബന്ധിച്ച് തുടർനടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ